5/1/2025 Item Code: 643 Participant Code: 303

വിഷയം: മാതൃഭാഷയുടെ വികാസം എന്റെ കാഴ്ചപ്പാടിൽ

## മാതൃഭാഷയുടെ വികാസം
## എന്റെ കാഴ്ചപ്പാടിൽ

മലയാളഭാഷതൻ മാധുര്യമോതുന്ന നാടാണ് നമ്മുടെ കേരളം. നിരവധി എഴുത്തുകാർക്ക് ജന്മം കൊടുത്ത മണ്ണ്. മലയാളത്തനിമ വിളിച്ചോതുകയാണ് നമ്മുടെ നാട്. എന്റെ മാതൃഭാഷ മലയാളമാണെന്ന് ഞാൻ അഭിമാനപൂർവ്വം ഈ അവസരത്തിൽ പറയുകയാണ്. കാരണം പെറ്റമ്മയ്ക്ക് തുല്യമാണ് പിറന്ന മണ്ണും മാതൃഭാഷയും. മലയാളത്തനിമ വിളിച്ചോതുന്ന നിരവധി കവിവചനങ്ങളും, വർണ്ണനകളും, സ്തുതികളും ഇന്നും നമ്മെയെല്ലാം കുളിരണിയിക്കുന്നു. മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും നമ്മുടെ നാട് വേറിട്ട് നിൽക്കുന്നത് നമ്മുടെ ഭാഷകൊണ്ടും സംസ്കാരം കൊണ്ടുമാണ്.

ആ ഭാഷാ വൈവിധ്യം ഇന്നും നാം പവിത്രമായി കാത്തുസൂക്ഷിക്കുന്നു. എന്നാൽ എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ഉള്ളൂർ, ചങ്ങമ്പുഴ, വള്ളത്തോൾ തുടങ്ങി നിരവധി മഹത്‌വ്യക്തികൾ മലയാളമെന്ന നമ്മുടെ ഭാഷയെ കുറിച്ച് പുകഴ്ത്തിപാടുമ്പോൾ നമ്മുടെ പെറ്റമ്മയായ മാതൃഭാഷയെ കോട്ടം വരുത്താൻ ചെറുതാണെങ്കിലും നാം ശ്രമിക്കുന്നുണ്ടോ എന്ന് ഒരു നിമിഷം ചിന്തിക്കണം. കാരണം. മാതൃഭാഷയുടെ വികാസമാണ് നാം ഇന്നിവിടെ ലക്ഷ്യം വെക്കുന്നത്. എന്നാൽ ആധുനിക സമൂഹത്തിന്റെ സംസ്കാരമാറ്റത്തിന്റെ ഭാഗമായി മാതൃഭാഷയെയും ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരു പുതുയുഗത്തിലേക്കാണ് നാം കടന്നുചെല്ലുന്നത്. അതിനാൽ ഇനിയുള്ള കാലത്ത് മാതൃഭാഷയുടെ വികാസം എന്നത് ഏറെ അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്.

മലയാളമാണ് നമ്മുടെ മാതൃഭാഷ. അമ്മിഞ്ഞപാൽതൻ മധുരം.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

നുകരുന്ന നമ്മുടെ മാതൃഭാഷ എന്നും നമുക്ക് ഒരു പ്രചോദനമാണ്. ആധുനിക മലയാള ഭാഷയുടെ പിതാവും പ്രാചീന കവിത്രയവുമായ എഴുത്തച്ഛന്റെ മാതൃഭാഷയെക്കുറിച്ചുള്ള കവിതകൾ ഇന്നും ഹൃദ്യാനുഭൂതി സൃഷ്ടിക്കുന്ന ഒന്നാണ്. ~~കാലങ്ങളായി ന~~ മലയാളഭാഷയുടെ രൂപീകരണവും അതിന്റെ ചരിത്രവും ഇന്നും സാഹിത്യത്തിന്റെ ലോകത്ത് അടിത്തറ പാകിവരുന്നു. മലയാളമെന്ന ഭാഷ കേരളത്തിലാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്. ഭാഷാവൈവിധ്യത്തിൽ ~~സ്ഥാനത്ത്~~ ഇന്നും മലയാളഭാഷക്ക് ആ തനതായ സ്ഥാനം നിലനിർത്താൻ സാധിക്കുന്നത് മലയാളത്തിന്റെ മഹത്വം കൊണ്ടുതന്നെയാണ്. എന്നാൽ ആധുനിക തലമുറയിൽ ഈ തനതായ സംസ്കാരം ചോർന്നുപോകുന്നുണ്ടോ? എന്ന പ്രധാനപ്പെട്ട ഈ ചോദ്യം നാം ഏറെ ചിന്തിക്കേണ്ടിയിരിക്കുന്ന ഒന്നാണ്. കാരണം.

ജീവിതരീതിയിലും, പരമ്പരാഗതമായ സംസ്കാ-
രത്തിലും വ്യത്യാസം വെച്ചുപുലർത്താൻ
ശ്രമിച്ചുവരുകയാണ് പുതു തലമുറകൾ.
വസ്ത്രധാരണത്തിലും, ആഹാരത്തിലും,
സംസ്കാരത്തിലും വ്യത്യാസം വരുത്തി ഇന്ന്
മലയാളമെന്ന മാതൃഭാഷയെത്തന്നെ
ഇല്ലാതാക്കി വിദേശ ഭാഷകളായായ
ഇംഗ്ലീഷ് ഭാഷാ സംസ്കാരം എന്ന പുതിയ
രീതി സമൂഹത്തിൽ വർധിച്ചുവരികയാണ്.
ഈ അവസ്ഥ തുടർന്നാലുള്ള ഭവിഷത്തുകൾ
നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

വിദേശഭാഷാ സ്വാധീനം ഏറി
വരുന്ന ഒരു സംസ്കാരത്തിലേക്ക് നമ്മുടെ
സമൂഹം നയിക്കപ്പെടുകയാണ്. മലയാളത്തിന്റെ
പ്രാധാന്യം കുറച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസം
കൂടുതൽ മെച്ചപ്പെടുത്തി തൊഴിൽസാധ്യ-
തകൾക്കായും, ഏത് രംഗത്ത് ചെന്നാലും തനിക്ക് അവിടെ
പ്രാധാന്യം ലഭിക്കാനുമായി ഇംഗ്ലീഷ് ഭാഷ

പരിപോഷിപ്പിക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ ഇന്ന് ഒരു വിദ്യാർത്ഥിയോട് മഹാകാവ്യങ്ങളെക്കുറിച്ച് വിശദീകരിക്കാനോ, കട്ടികൂടിയ പദങ്ങൾ എഴുതുവാനോ ആവശ്യപ്പെട്ടാൽ തീർന്നു. അവർ നിസ്സഹായരാണ്. കാരണം ഈ ഇംഗ്ലീഷ് ചിട്ടയിൽ വളർന്നുവന്ന് മലയാളമെന്ന ഭാഷയെ അവഗണിക്കുവാൻ ശ്രമിക്കുകയാണ് മനുഷ്യർ. ഇന്ന് മലയാളം സംസാരിക്കുന്നവരെ പുച്ഛഭാവത്തിൽ വീക്ഷിക്കുന്ന ഒരു സമൂഹത്തിലേക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ അപ്പോൾ നാം ഒരു കാര്യം ഓർക്കുക മാതാവിന്റെ സ്ഥാനത്ത് നാം കണ്ടുകൊണ്ടിരുന്ന പവിത്രമായ നമ്മുടെ മാതൃഭാഷയായ മലയാളത്തെ നാം ~~മറ്റു ഭാഷ~~ മറ്റെല്ലാ ഭാഷയെക്കാളും ആദ്യസ്ഥാനം തന്നെ നൽകണം.

കാലം മാറി, ജീവിതരീതിയും, സമൂഹവും ലോകവുമെല്ലാം ഇന്ന് ഉന്നമനത്തിലാണ്

ലക്ഷ്യം വെക്കുന്നത് വിദേശ രാജ്യങ്ങളിൽ
തൊഴിൽ ലഭിക്കാനും, ഉയർന്ന പദവികൾ
നേടാനുള്ള അഭിമുഖത്തിലുമെല്ലാം ഇംഗ്ലീഷിന്
പ്രാധാന്യമുണ്ട്. ആ ഭാഷയില്ലാതെ നാം ഈ
സമൂഹത്തിൽ ജീവിച്ചാൽ തീർന്നു. അകന്നു
പോകുകയും ചെയ്യും. എന്നാൽ അത് ഒരിക്കലും
മലയാളമെന്ന ഭാഷയുടെ പവിത്രതയെ കോട്ടം
വരുന്ന തരത്തിലായിരിക്കരുത്. ആദ്യം
സ്ഥാനം എന്നും നമ്മുടെ മാതൃഭാഷയ്ക്കു-
തന്നെ അർഹതപ്പെട്ടതാണ്.

ഇനിയുള്ള സമൂഹത്തിൽ
മാതൃഭാഷയുടെ വികാസം എങ്ങനെ
സൃഷ്ടിക്കാം എന്ന് നാം ചിന്തിക്കണം.
മലയാളനാട് മാതൃഭാഷയെ മറക്കാതെ
അതിന്റെ പ്രാധാന്യം എങ്ങനെ ഉയർത്താം?
എന്ന് ഇനിയുള്ള സമൂഹത്തിൽ അത്
അത്യന്താപേക്ഷിതമാണെന്ന് തീർച്ചയായും.
കാരണം നിരവധി മഹാകവികൾ, സാഹിത്യ-

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025 Item Code: 643 Participant Code: 303

ഞാൻ ഇന്നി മണ്ണിനോട് വിട പറഞ്ഞിരിക്കുന്നു. കുറച്ച് ദിവസത്തിന് മുൻപ് പ്രശസ്ത സാഹിത്യകാരനായ എം.ടി വാസുദേവൻ-നായർ അന്തരിച്ചു. ഇതുപോലെ ഒട്ടനവധി സാഹിത്യത്തിലെ മഹത്‌വ്യക്തിത്വങ്ങൾ ലോകത്തുനിന്ന് പോയിരിക്കുന്നു. എന്നാൽ ഇനിയുള്ള കാലത്ത് ഇത്തരം യുവ സാഹിത്യകാരന്മാർ ഉണ്ടാകുമോ എന്ന കാര്യത്തിൽ തീർത്തും സംശയകരമാണ്. കാരണം. അത്തരത്തിലാണ് സമൂഹത്തിന്റെ പോക്ക്. ഒരുപക്ഷേ എഴുത്തച്ഛൻ പോലുള്ളവരുടെ ചിന്താശേഷിയുടെ അയൽപക്കത്ത് പുതു തലമുറകൾ എത്തുമോ എന്ന് പോലും സംശയമാണ്. സാഹിത്യത്തിന്റെ ലോകത്തെ മറക്കേണ്ടിവരുമോ എന്ന് ചിന്തിക്കേണ്ടിയിരി-ക്കുന്നു. അതിനാൽ മാതൃഭാഷയുടെ വികാസം ഏറെ അത്യന്താപേക്ഷിതമാണ്. മാതൃഭാഷയുടെ വികാസത്തിൽ ഇത് ഒരു കാരണം മാത്രം

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

പ്രാധാന്യം അർഹിക്കുന്നില്ല. മലയാളം
നമ്മുടെ ഭാഷയാണ് അത് നിലനിർത്തുകയും
അതിനപ്പുറം അതിന്റെ വികസിപ്പിക്കലുമാ-
യിരിക്കണം നമ്മുടെ ലക്ഷ്യം.

മാതൃഭാഷയുടെ എങ്ങനെ വികസനം എങ്ങനെ സൃഷ്ടിക്കാം? അതിനാദ്യം
വേണ്ടത് മലയാളസാഹിത്യകൃതികളുടെ
വായിക്കാനുള്ള ശീലം വർധിപ്പിച്ചെടുക്കുക
എന്നതാണ്. ഒരാഴ്ച കുറഞ്ഞത് ഒരു ദിവസമെങ്കിലും
ഒരു പുസ്തകം എടുത്ത് വായിക്കണം.
എന്നിട്ട് അതിനെ അപഗ്രഥിക്കണം,
കൂടുതൽ ആഴത്തിൽ ചിന്തിക്കണം. ഇത്
ഒരുവനിലെ ചിന്താശേഷിയെയും സർഗാത്മക
ചിന്തയെയും മലയാളഭാഷാശൈലിയെയും
ഉയർത്താനും പുതിയ പുതിയ ആശയങ്ങൾ
സൃഷ്ടിച്ചെടുക്കാനും സഹായിക്കുന്നു. തുടർന്ന്
മലയാളസാഹിത്യത്തിൽ പുതിയ രചനകൾ
സൃഷ്ടിക്കാൻ പ്രാപ്തമാകുന്നു. ഇത് മാതൃഭാഷ

വികാസത്തിന് ഏറെ അത്യാവശ്യമാകുന്നു. വായനാശീലം എന്നത് ഇന്നത്തെ സമൂഹത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന ഒന്നാണ്. അതിനെ ഇല്ലാതാക്കി വായനാശീലം പരിപോഷിപ്പിക്കലാ-യിരിക്കണം നമ്മുടെ ലക്ഷ്യം.

മഹാഭാരതം, ഭഗവത്ഗീത, രാമായണം തുടങ്ങിയ മഹാകാവ്യങ്ങൾ വായി-ക്കാനും, അതിലെ ആശയം ഉൾക്കൊള്ളാ-നും നാം ശ്രമിക്കണം. ഇതിന്റെ ഭാഗമായി മലയാളത്തിലുള്ള അർത്ഥം തേടുകയും, കൂടുതൽ ആശയങ്ങൾ ഉണ്ടാക്കുകയും അതിലൂടെ മലയാളത്തിലേക്ക് വഴിതിരിയാനും നമുക്ക് സാധിക്കുന്നു. ആധുനിക തലമുറ-കളിൽ പ്രാചീന കൃതികളുടെ അർത്ഥം മനസ്സിലാക്കി കൊടുക്കണം. ചെറുപ്രായം മുതൽ മലയാള പുസ്തകങ്ങൾ വായിപ്പിക്കാൻ കുട്ടികളെ പ്രാപ്തമാക്കണം. ഇതെല്ലാം ഇനിയുള്ള സമൂഹത്തിലെ ഭാഷാവികാസത്തിന് അടിത്തറ

സൃഷ്ടിക്കുന്നു.

മാതൃഭാഷാടിസ്ഥാനത്തിലും, അതിന്റെ പ്രാധാന്യം മനസ്സിലാക്കുംതരത്തിലും തൊഴിൽസാധ്യതകൾ വർധിപ്പിക്കണം. ഉദാഹരണമായി ഭാഷാ വിജ്ഞാനമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സർക്കാർ സ്കോളർഷിപ്പ് നൽകി അതിൽ അവരുടെ താത്പര്യം വർധിപ്പിച്ച് പുതിയ സാഹിത്യകൃതികൾ സൃഷ്ടിച്ച് അത് പൊതുസമൂഹത്തിൽ വിതരണം ചെയ്ത് തൊഴിൽസാധ്യതയാക്കാം. ഇന്ന് വിദേശഭാഷകൾ നമ്മുടെ നാട്ടിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നോ അത്രമാത്രം നമ്മുടെ മാതൃഭാഷയും വിദേശരാജ്യങ്ങളുടെ പ്രാധാന്യം സൃഷ്ടിക്കാൻ നാം ശ്രമിക്കണം. മലയാളത്തിന്റെ സംസ്കാരം മനസ്സിലാക്കി അതിന്റെ പ്രാധാന്യം ഉയർത്തി പുതിയ കൃതികൾ ചിച്ച് അത് സമൂഹത്തിൽ പ്രചാരം സൃഷ്ടിച്ചാൽ നിരവധിപേർ അത് വായിക്കാൻ

ശുപാർശ.

ചെറുപ്രായംമുതൽ മാതൃഭാഷയുടെ പ്രാധാന്യം കുട്ടികളെ വ്യക്തമാക്കണം. അത് പരിപോഷിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ചു നൽകണം. തൊഴിലിടങ്ങളിൽ മലയാളത്തിനു പ്രാധാന്യം നൽകണം. അഭിമുഖ പരീക്ഷകളിൽ മലയാളം ഉറപ്പുവരുത്തണം.

സൗന്ദര്യം വ്യക്തമാക്കുന്ന കാർട്ടൂൺ ആനിമേഷനുകൾ കുട്ടികളെ കാണിക്കണം. അതിലെ ആശയങ്ങൾ ശരിയായി മനസ്സിലാക്കാൻ അവരോട് പറയണം. വായനാമത്സരങ്ങൾ, പുസ്തകാസ്വാദനം തുടങ്ങി നിരവധി പരിപാടികൾ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിച്ച് പ്രോത്സാഹന സമ്മാനങ്ങൾ കൊടുക്കാം. ബൈബിൾ, ദിനപത്രം, വാർത്താചാനലുകൾ തുടങ്ങിയ വായിക്കുവാനും കാണാനും കുട്ടികളെ

പര്യാപ്തമാക്കണം.

ലോകം ഇന്ന് നിർമ്മിത ബുദ്ധിയുടെ കൈകളിലാണ്. നിർമ്മിത ബുദ്ധിക്ക് അസാധ്യമായി ഒന്നുമില്ല എന്നാണ് പ്രവചനങ്ങൾ. എന്നാൽ ഒരു സാഹിത്യരചന എന്ന് പറയുന്നത് ഒരു ചെറിയ കാര്യമല്ല. അത് ഒരാളുടെ ചിന്താശേഷിയെയും ക്രിയാത്മകതയെയും അടിസ്ഥാനമാക്കിയിരിക്കും. അതിനാൽ സാഹിത്യരചനയിൽ മനുഷ്യമനസ്സിനെ കീഴ്പ്പെടുത്താൻ ഒരു നിർമ്മിത ബുദ്ധിക്കും സാധിക്കുകയില്ല. ഇവിടെയാണ് നാം മലയാളത്തിന്റെ പ്രാധാന്യം വീണ്ടും മനസ്സിലാക്കേണ്ടത്. മാതൃഭാഷയുടെ വികാസം നമ്മുടെ പ്രവൃത്തികൾ മൂലം സൃഷ്ടിച്ചെടുക്കാൻ സാധിക്കുന്ന ഒന്നാണ്. ഇനിവരുന്ന സമൂഹത്തിൽ മാതൃഭാഷയുടെ വികാസം അങ്ങേയറ്റം പ്രാധാന്യം അർഹിക്കുന്നു. അതിനാൽ ഈ കാലഘട്ടത്തിന് ഏറെ അനുയോജ്യമാണ്

5/1/2025 Item Code: 643 Participant Code: 303

മാതൃഭാഷയുടെ വികാസം എന്നത് മലയാളത്തിന്റെ പ്രാധാന്യം കുറഞ്ഞുവരുന്ന ഇന്ന് മലയാളം എന്ന ഭാഷ നമ്മുടെയൊക്കെ ജീവിതത്തിൽ എന്ത് പ്രാധാന്യം അർഹിക്കുന്നു എന്ന് ചിന്തിച്ച് അമ്മയ്ക്ക് തുല്യം മാതൃഭാഷയെ കണ്ട് അത് സമൂഹത്തിൽ പ്രാധാന്യം സൃഷ്ടിക്കുന്ന തരത്തിൽ നമുക്ക് പ്രവർത്തിക്കാം. എവിടെയൊക്കെയാണ് മലയാളത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുന്നത് എന്ന് മനസ്സിലാക്കി ആ മേഖലയിൽ മാതൃഭാഷയുടെ പ്രാധാന്യം ഉയർത്തിക്കൊണ്ടുവേണം മാതൃഭാഷയുടെ വികാസം നമുക്ക് പ്രാവർത്തികമാക്കാം. അതിനായി നമുക്ക് ഒത്തുചേരാം.